**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1608** 14.07.2016-ൽ മറുപടിയ്ക്ക്

**കാക്കനാട് കിൻഫ്ര പാർക്ക്**

| ചോദ്യം<br>ശ്രീ. വി.റ്റി.ബൽറാം | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാക്കനാട് കിൻഫ്ര പാർക്കിൽ, ഇലക്ട്രോണിക്സ് പാർക്ക് ആരംഭി ക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ; | എ) | കേന്ദ്ര ഇലക്ട്രോണിക്സ് വിവര സാങ്കേതിക വകുപ്പിന്റെ Electronic manufacturing Cluster (EMC) പദ്ധതിയിൽ ഉൾപ്പെടുത്തി കാക്കനാട് കിൻഫ്ര പാർക്കിൽ ഒരു Electronics manufacturing Cluster സ്ഥാപിക്കുന്നതിന് കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയം ജൂൺ 17-ന് ഡൽഹിയിൽ കൂടിയ Steering Committee of Clusters അനുമതി നൽകിയിട്ടുണ്ട്. ഉത്തരവ് ലഭിച്ചിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് എത്രയാണെന്നും, ആയതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വ്യക്തമാ ക്കാമോ; | ബി) | പ്രസ്തുത പദ്ധതിയുടെ ആകെ ചിലവ് 155.67 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര ധനസഹായവും 13.68 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. |
| സി) | പ്രസ്തുത പദ്ധതിയിൽ സ്വകാര്യ സംരംഭകരെ ഉൾപ്പെടു ത്തിയിട്ടുണ്ടെങ്കിൽ ആയതിനുള്ള നിബന്ധനകൾ വിശദമാക്കാമോ; | സി) | കേന്ദ്ര സർക്കാരിന്റെ EMC പദ്ധതി പ്രകാരം electronic semi conductor വ്യവസായ മേഖലയിലുള്ള സംരംഭകരുടെ കൂടി പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. പ്രസ്തുത SPV Company യിൽ കിൻഫ്രയുടെ പങ്കാളിത്തം 26% ഉം ബാക്കി 74% സ്വകാര്യ സംരംഭകരുടെ നിക്ഷേപവുമാണ്. കൂടാതെ ഇപ്രകാരം രൂപീ കരിക്കുന്ന SPV കുറഞ്ഞത് 7 വ്യവസായ സംരംഭകരെങ്കിലും വേണമെന്നാണ് വ്യവസ്ഥ. |

| | | | |
|---|---|---|---|
| ഡി) | കിൻഫ്ര പാർക്കിന്റെ അധീനതയിലുള്ള സ്ഥലം സ്വകാര്യ സംരംഭകർക്ക് നൽകുന്നുണ്ടെങ്കിൽ അതിനുള്ള നിബന്ധനകൾ എന്തെല്ലാം ? | ഡി) | EMC പ്രകാരം electronic semi conductor മേഖലയിലുള്ള വ്യവസായ സംരംഭകർ ഉൾപ്പെടെയുള്ള SPV യാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത്. കൂടാതെ ഇപ്രകാരം രൂപീകരിക്കുന്ന SPV Company യിലും വ്യവസായ സംരംഭങ്ങളിലും സംരംഭകർ മുതൽ മുടക്കണം. വ്യക്തമായ നിബന്ധനകളോടു കൂടി മാത്രമെ ഭൂമി സംസ്ഥാന സർക്കാർ പ്രതിനിധിയും കേന്ദ്ര സർക്കാർ പ്രതിനിധിയും ഉൾപ്പെടുന്ന SPV Company ക്ക് കൈമാറുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**